# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ഡിസംബർ 23

# വാർത്താക്കുറിപ്പ്

## സുഗതകുമാരിയുടെ നിര്യാണത്തിൽ അനുശോചിച്ചു

കവയിത്രിയും പരിസ്ഥിതി പ്രവർത്തകയുമായ സുഗതകുമാരിയുടെ നിര്യാണത്തിൽ മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അനുശോചിച്ചു. കവയിത്രിയായും അധ്യാപികയായും നിരാശ്രയരുടെ അഭയകേന്ദ്രമായും പരിസ്ഥിതി - മനുഷ്യസ് നേഹിയായും സാമൂഹിക-സാംസ്കാരികരംഗങ്ങളിൽ നിറഞ്ഞുനിന്ന സുഗതകുമാരിയുടെ വേർപാട് തീരാനഷ്ടമാണെന്നും അദ്ദേഹം പറഞ്ഞു.

(പി.ആർ.ഒ/39/1351/2020)

## എം.ജി. പി.ജി. പ്രവേശനം; എസ്.സി./എസ്.ടി. സ്പെഷൽ അലോട്ട്മെന്റിന് ഓപ്ഷൻ നൽകാം

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ബിരുദാനന്തര ബിരുദ പ്രവേശനത്തിന് എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കായി നടത്തുന്ന സ്പെഷൽ അലോട്ട്മെന്റിന് ഡിസംബർ 27 വരെ ഓപ്ഷൻ നൽകാം. നിലവിൽ അപേക്ഷ നൽകാത്തവർക്കും മുൻ അലോട്ട്മെന്റിൽ പ്രവേശനം ലഭിച്ചവർക്കും അലോട്ട്മെന്റിൽ പങ്കെടുക്കാം. ഓൺലൈൻ അപേക്ഷയിൽ തെറ്റുവരുത്തിയതുമൂലം അലോട്ട്മെന്റിന് പരിഗണിക്കപ്പെടാത്തവർക്കും അലോട്ട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേകമായി ഫീസടയ്ക്കാതെ പുതുതായി ഓപ്ഷൻ നൽകാം. നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ്വേഡും ഉപയോഗിച്ച് www.cap.mgu.ac.in എന്ന വെബ്സൈറ്റിലെ അക്കൗണ്ട് ക്രിയേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പുതിയ ആപ്ലിക്കേഷൻ നമ്പരും പഴയ പാസ്വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്താണ് ഓപ്ഷൻ പുതുക്കേണ്ടത്. പുതിയ ആപ്ലിക്കേഷൻ നമ്പർ സൂക്ഷിച്ചുവയ്ക്കണം. മുമ്പ് നൽകിയ അപേക്ഷയിൽ തെറ്റ് വരുത്തിയിട്ടുണ്ടെങ്കിൽ തിരുത്തി പുതുതായി ഓപ്ഷൻ നൽകണം. മറ്റുള്ളവർക്ക് പുതുതായി ഫീസടച്ച് സ്പെഷൽ അലോട്ട്മെന്റിൽ പങ്കെടുക്കാം. സ് പെഷൽ അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാവരും പുതുതായി ഓപ്ഷൻ നൽകണം. ഓപ്ഷൻ നൽകിയശേഷം അപേക്ഷ സേവ് ചെയ്ത് ഓൺലൈനായി സമർപ്പിക്കണം. പ്രിന്റൗട്ട് സർവകലാശാലയിൽ നൽകേണ്ടതില്ല. വിവിധ കോളേജുകളിലെ ഒഴിവുള്ള പ്രോഗ്രാമുകളുടെ വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്പെഷൽ അലോട്ട്മെന്റ് പട്ടിക ഡിസംബർ 29ന് പ്രസിദ്ധീകരിക്കും. പ്രത്യേക അലോട്ട്മെന്റ് സ്പോട് അലോട്ട്മെന്റല്ല. മുൻ അലോട്ട്മെന്റുകളിലും മാനേജ് മെന്റ്/കമ്മ്യൂണിറ്റി മെറിറ്റ്/സ്പോർട്സ്/കൾച്ചറൽ/പി.ഡി. ക്വാട്ടകളിലേക്ക് സ്ഥിരപ്രവേശനം നേടിയ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവർ പ്രത്യേക അലോട്ട്മെന്റിൽ പങ്കെടുക്കുമ്പോൾ പുതുതായി ലഭിക്കുന്ന ഓപ്ഷനിലേക്ക് നിർബന്ധമായും മാറണം. നിലവിലെ പ്രവേശനം റദ്ദാക്കപ്പെടും. അതിനാൽ അലോട്ട്മെന്റിൽ പങ്കെടുക്കുമ്പോൾ അതീവശ്രദ്ധ പുലർത്തണം. എസ്.സി./എസ്.ടി. രണ്ടാം പ്രത്യേക അലോട്ട്മെന്റിന് ശേഷം എല്ലാ വിഭാഗക്കാർക്കുമായി രണ്ട് സപ്ലിമെന്ററി അലോട്ട്മെന്റും തുടർന്ന് ഫൈനൽ അലോട്ട്മെന്റും നടത്തും. പ്രത്യേക അലോട്ട്മെന്റിൽ ഈ വർഷത്തേക്ക് അനുവദിച്ച നവീന

പ്രോഗ്രാമുകളും ഉൾപ്പെടും. നിലവിൽ രജിസ്റ്റർ ചെയ്തവർക്ക് ഫീസടയ്ക്കാതെതന്നെ സപ്ലിമെന്ററി അലോട്ട് മെന്റിൽ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാം. ഡിസംബർ 22ന് ശേഷമുള്ള അലോട്ട്മെന്റുകളുടെ തീയതികൾ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഓപ്ഷൻ നൽകണം. ഒന്നാം സെമസ്റ്റർ പി.ജി. ക്ലാസുകൾ ഡിസംബർ 28ന് ആരംഭിക്കും.

(പി.ആർ.ഒ/39/1352/2020)

## എം.ജി.യിൽ നവീന ഇന്റഗ്രേറ്റഡ് പി.ജി.; ഡിസംബർ 28 വരെ അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള സർക്കാർ/എയ്ഡഡ് കോളേജുകളിൽ അനുവദിച്ച നവീന ഇന്റഗ്രേറ്റഡ് ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്ക് ഡിസംബർ 28 വരെ ഓൺലൈനായി അപേക്ഷിക്കാം. ഇന്റഗ്രേറ്റഡ് എം.എ. പ്രോഗ്രാം ഇൻ ലാംഗ്വേജസ്-ഇംഗ്ലീഷ്, ഇന്റഗ്രേറ്റഡ് എം.എസ് സി. പ്രോഗ്രാം ഇൻ ബേസിക് സയൻസ്-കെമിസ്ട്രി/ സ്റ്റാറ്റിസ്റ്റിക്സ്, ഇന്റഗ്രേറ്റഡ് എം.എസ് സി. പ്രോഗ്രാം ഇൻ കമ്പ്യൂട്ടർ സയൻസ്-ഡാറ്റ സയൻസ് എന്നീ പ്രോഗ്രാമുകളിലേക്കാണ് പ്രവേശനം. www.cap.mgu.ac.in എന്ന ക്യാപ് വെബ്സൈറ്റിലൂടെയാണ് രജിസ്ട്രേഷൻ. ഡിസംബർ 29ന് റാങ്ക് പട്ടിക പ്രസിദ്ധീകരിക്കും. ജനുവരി ആറിനകം പ്രവേശനം പൂർത്തീകരിക്കും. എസ്.സി./എസ്.ടി. വിഭാഗത്തിന് 375 രൂപയും പൊതുവിഭാഗത്തിന് 750 രൂപയുമാണ് അപേക്ഷ ഫീസ്. വിശദവിവരത്തിന് ക്യാപ് വെബ്സൈറ്റ് സന്ദർശിക്കുക.

(പി.ആർ.ഒ/39/1353/2020)

## പരീക്ഷഫലം

2020 ജൂലൈയിൽ നടന്ന നാലാം സെമസ്റ്റർ എം.ടെക് റഗുലർ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1354/2020)

2019 ഒക്ടോബറിൽ നടന്ന നാലാം സെമസ്റ്റർ എം.ടെക് സ്പെഷൽ മേഴ്സി ചാൻസ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1355/2020)

2020 ഡിസംബറിൽ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ നടന്ന രണ്ടാം സെമസ്റ്റർ എം.ഫിൽ കമ്പ്യൂട്ടർ സയൻസ് (2018 അഡ്മിഷൻ - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1356/2020)

## കോ-ഓർഡിനേറ്റർ ഒഴിവ്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഫുഡ് സയൻസ് ആന്റ് ടെക്നോളജിയിൽ കരാറടിസ്ഥാനത്തിൽ കോ-ഓർഡിനേറ്ററെ നിയോഗിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. ഒരൊഴിവാണുള്ളത്. മാസം 30000 രൂപ ലഭിക്കും. വിശദവിവരം സർവകലാശാല വെബ് സൈറ്റിൽ ലഭിക്കും. യോഗ്യത, പ്രായം, പ്രവൃത്തിപരിചയം, എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം അപേക്ഷ ജനുവരി നാലിന് വൈകീട്ട് അഞ്ചിനകം ഡെപ്യൂട്ടി രജിസ്ട്രാർ 2 (ഭരണം), മഹാത്മാഗാന്ധി സർവകലാശാല, പി.ഡി.ഹിൽസ് പി.ഒ., കോട്ടയം - 686560 എന്ന വിലാസത്തിൽ നൽകണം. അപേക്ഷയിൽ മൊബൈൽ ഫോൺ നമ്പരും, ഇമെയിൽ വിലാസവും ഉൾപ്പെടുത്തണം.

(പി.ആർ.ഒ/39/1357/2020)

## അന്നമ്മ കുഞ്ചാക്കോ സ്മാരക എൻഡോവ്മെന്റ് എം.ഡി. ആരാധനയ്ക്ക്

മഹാത്മാഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ നിന്ന് പഞ്ചവത്സര എൽ.എൽ.ബി. പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് കരസ്ഥമാക്കുന്ന അവസാന വർഷ വിദ്യാർഥിക്ക് നൽകുന്ന അന്നമ്മ കുഞ്ചാക്കോ ബി.എ.ബി.എൽ. സ്മാരക എൻഡോവ്മെന്റ് 2017ന് പൂത്തോട്ട ശ്രീനാരായണ ലോ കോളേജിലെ എം.ഡി. ആരാധന അർഹയായി.

(പി.ആർ.ഒ/39/1358/2020)

## സിൻഡിക്കേറ്റ് യോഗം

ഡിസംബർ 30ന് നടത്താൻ നിശ്ചയിച്ചിരുന്ന മഹാത്മാഗാന്ധി സർവകലാശാല സിൻഡിക്കേറ്റിന്റെ യോഗം ഡിസംബർ 31ന് രാവിലെ 10.30ന് നടക്കും.

(പി.ആർ.ഒ/39/1359/2020)

**എ. അരുൺകുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ